വൈകി കിട്ടിയ ഉത്തരങ്ങൾ

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി അനുവദിച്ച തുക

80 [1423] ശ്രീ. കെ. മോഹൻ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 മുതൽ 2001 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി യഥാക്രമം എത്ര തുക നീക്കിവച്ചുവെന്ന് അറിയിക്കാമോ;

(ബി) ഈ തുകയിൽ യഥാക്രമം എത്ര തുക വീതം ചെലവഴിക്കപ്പെട്ടുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസനത്തിനായി 1996-97 മുതൽ 2001-02 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പട്ടികവർഗ്ഗ ഉപപദ്ധതിക്കായി നീക്കിവച്ച തുക യഥാക്രമം 12.85 കോടി, 55.08 കോടി, 56.10 കോടി, 56.93 കോടി, 62.92 കോടി എന്നീ ക്രമത്തിലാണ്. പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായി യഥാക്രമം 3525.25 ലക്ഷം രൂപയും 4097.32 ലക്ഷം രൂപയും 6152.60 ലക്ഷം രൂപയും, 8060.70 ലക്ഷം രൂപയും 12113 ലക്ഷം രൂപയും നീക്കിവച്ചിരുന്നു.

(ബി) 1996-97 മുതൽ 2001-02 വരെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്നതിന് വകയിരുത്തിയ തുകയിൽ ചെലവഴിച്ചത് യഥാക്രമം 12.85 കോടി, 14.23 കോടി, 16.32 കോടി, 14.21 കോടി, 12.80 കോടി എന്നിക്രമത്തിലാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ ചെലവഴിച്ച തുകയുടെ കണക്ക് ഇതിൽ ഉൾപ്പെടുന്നില്ല. പട്ടികജാതി വികസന വകുപ്പ് ചെലവഴിച്ച തുക യഥാക്രമം 3525.41 ലക്ഷം, 4088.48 ലക്ഷം, 6080.60 ലക്ഷം, 7929.83 ലക്ഷം, 12171.23 ലക്ഷം എന്ന ക്രമത്തിലാണ്.

അദർ എലിജിബിൾ കമ്മ്യൂണിറ്റിയിൽപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം

81 [1425] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന 'അദർ എലിജിബിൾ കമ്മ്യൂണിറ്റി'യിൽപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം നല്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തവണത്തെ തുക നല്കുവാനുണ്ട്;

(ബി) ഈ തുക എന്നത്തേക്ക് ലഭ്യമാക്കുമെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2004-05-ലെ അവസാനഘട്ടം തുക പൂർണ്ണമായി കൊടുക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

(ബി) 2005-06 വർഷം പ്രസ്തുത തുക അനുവദിച്ചു നൽകി വരുന്നുണ്ട്.

സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ധനസഹായം

82. [1426] ശ്രീ. ജോണി നെല്ലൂർ:
,, ഷിബു ബേബി ജോൺ:
,, ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സർക്കാർ ധനസഹായം നൽകുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കോഴ്സുകൾക്ക് എന്ന് വ്യക്തമാക്കാമോ;

(സി) ആകെ എത്ര വിദ്യാർത്ഥികൾക്കാണ് ധനസഹായം നൽകുന്നത്; ഇതിന്റെ തരം തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ;

(ഡി) ഇപ്പോഴത്തെ ഈ ഇനത്തിൽ കുടിശ്ശികത്തുക നൽകുവാനുള്ള കുടിശ്ശിക തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

(ഇ) കഴിഞ്ഞ വിദ്യാഭ്യാസ വർഷം എത്ര രൂപ ആകെ ധനസഹായം നൽകിയിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള പ്രവേശന പരീക്ഷാ കമ്മീഷണറുടെ റാങ്ക് ലിസ്റ്റ് പ്രകാരം പ്രവേശനം നൽകുന്ന സ്ഥാപനങ്ങളും, കേരള പ്രവേശന പരീക്ഷാ കമ്മീഷണറുടെ പരിധിയിൽ വരാത്ത യൂണിവേഴ്സിറ്റികളും, യൂണിവേഴ്സിറ്റികളുടേയോ സർക്കാരിന്റെയോ എൻ. ഒ. സി./എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ തുടങ്ങി പ്രവേശനം നൽകുന്ന സ്ഥാപനങ്ങളും, നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളും, സി-ഡിറ്റ്, കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്നീ സ്ഥാപനങ്ങളും നടത്തുന്ന കോഴ്സുകളും, നാഷണൽ എൻട്രൻസ് ടെസ്റ്റ് വഴി സംസ്ഥാനത്തിനു പുറത്തുള്ള സ്വാശ്രയ സ്ഥാപനങ്ങളിൽ അഡ്മിഷൻ കിട്ടിയിട്ടുള്ള പട്ടികജാതി/പട്ടിക വർഗ്ഗ/മറ്റർഹ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതാണ്.

(സി) 3,462 പട്ടികജാതി വിദ്യാർത്ഥികൾക്കും 248 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ധനസഹായം നൽകുന്നുണ്ട്. തരം തിരിച്ചുള്ള കണക്ക് ശേഖരിച്ചു നൽകുന്നതാണ്.

(ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly